HRMP No.7566/15


**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

**Email. – hrckeralatvm@gmail.com**

**ഫോൺ: 2307263. ഫാക്സ്: 2307490**


## പലിശപണം മടക്കിനൽകിയിട്ടും ചെക്കുകൾ തിരികെ കൊടുത്തില്ല; മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം : പലിശയ്ക്ക് വാങ്ങിയ പണം തിരികെ നൽകിയിട്ടും ഈടുനൽകിയ ചെക്കും പ്രമാണങ്ങളും തിരികെ നൽകാത്ത സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

എതിർകക്ഷി കല്ലറ സ്വദേശി ഇന്ദ്രാത്മജൻ ഒക്ടോബർ 14 നകം എതിർസത്യ വാങ്മൂലം സമർപ്പിക്കാൻ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ്സ് ജെ.ബി. കോശി ഉത്തരവായി. പാങ്ങോട് റഹീം മൻസിലിൽ മുഹമ്മദ് ബഷീർ സമർപ്പിച്ച പരാതിയിലാണ് നടപടി.

എതിർകക്ഷിയിൽ നിന്നും ബഷീർ രണ്ടുലക്ഷം രൂപ പലിശയ്ക്ക് വാങ്ങിയിരുന്നു. മാസംതോറും 10,000 രൂപ പലിശയും നൽകിയിരുന്നു. ചെക്കുകളും 20 സെന്റ് വസ്തുവും ഈടു നൽകിയാണ് തുക വാങ്ങിയത്.

പലിശയ്ക്ക് നൽകിയ പണം മടക്കി നൽകിയിട്ടും പ്രമാണങ്ങൾ തിരികെ നൽകിയില്ലെന്ന് പരാതിയിൽ പറയുന്നു. പോലീസിന് പരാതി നൽകിയിട്ടും നടപടി സ്വീകരിച്ചില്ലെന്നും പരാതിയിലുണ്ട്.

**പി.എം. ബിനുകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447694053.**

**16/09/2015**